# ബഹ്റിൻ കേരളീയ സമാജം
# The Bahrain Keraleeya Samajam

## പൂക്കള മത്സരം

പൊന്നിൻ ചിങ്ങപ്പുലരിയെ പൊൻ പ്രഭതൂകി പുളകിതയാക്കുവാൻ പൊന്നോണം വരവായി പൂക്കളവും പുലി കളിയും തിരുവാതിര കളിയുമൊക്കെയായി ആ നല്ല നാളിന്റെ മധുര സ്മരണകൾ ഉണർത്തി കൊണ്ട് ബഹ്റിൻ കേരളീയ സമാജം വിപുലമായ രീതിയിൽ ബി.കെ.എസ് പൂക്കള മത്സരം സംഘടിപ്പിക്കുന്നു. സെപ്റ്റംബർ ......-ന് കേരളീയ. സമാജത്തിൽ വച്ച് നടത്തുന്ന മത്സരത്തിൽ പങ്കെടുക്കുവാൻ ബഹ്റിൻ കേരളീയ സമാജം ഏവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

### നിബന്ധനകൾ നിർദ്ദേശങ്ങൾ

1. പൂക്കളം തീർക്കുവാൻ അനുവദിച്ചിരിക്കുന്ന സമയം സെപ്റ്റംബർ 9 രാവിലെ 11.00 മുതൽ 1.00 വരെ (3 മണിക്കൂർ). ആരെയും പൂക്കളത്തിന് സമീപം നിൽക്കുവാൻ അനുവദിക്കുന്നതല്ല.
2. മത്സരം ആരംഭിച്ചു കഴിഞ്ഞാൽ അപേക്ഷ ഫോറത്തിൽ നിർദ്ദേശിച്ചിട്ടുള്ള 5 പേർക്ക് മാത്രമേ ഹാളിനകത്ത് പ്രവേശനമുള്ളൂ.
3. സമാജം ഓഫീസിൽ പേരുകൾ നൽകേണ്ട അവസാന തീയതി സെപ്റ്റംബർ 2, 2016.
4. ക്യാപ്റ്റൻ ഉൾപ്പെടെ ടീമുകൾക്ക് പരമാവധി അഞ്ചു അംഗങ്ങളെ പങ്കെടുപ്പിക്കാം.
5. വിധി നിർണ്ണയത്തിന്റെ അടിസ്ഥാന ഘടകങ്ങൾ :
   a. ഉപയോഗിച്ചിരിക്കുന്ന യഥാർത്ഥ പൂക്കൾ
   b. നിറങ്ങളുടെ വിന്യാസം
   c. കലാ സൃഷ്ടിയുടെ ഭംഗി എന്നിവ ആയിരിക്കും.
6. പൂക്കളം വൃത്താകൃതിയിൽ ആയിരിക്കണം തയ്യാറാക്കേണ്ടത് പരമാവധി വ്യാസം നാല് അടി നീളവും വീതയുമുള്ള പ്രതലത്തിലായിരിക്കണം. 3 മണിക്കൂർ ആണ് മത്സരത്തിന്റെ സമയ ദൈർഘ്യം.
7. മുൻകൂട്ടി തയ്യാറാക്കിയ സ്കെച്ചുകളോ, കട്ടഔട്ടുകളോ അനുവദിക്കുന്നതല്ല.
8. പൂക്കത്തിന് ആവശ്യമായ എല്ലാ സാധന സാമഗ്രികളും മത്സരം ആരംഭിക്കുന്നതിന് മുമ്പ് തയ്യാറാക്കി ഹാളിൽ കൊണ്ടു വരേണ്ടതാണ്.
9. സ്വകാര്യ ഫോട്ടോഗ്രാഫി വിഡീയോഗ്രാഫി അനുവദിക്കുന്നതല്ല.
10. മത്സരം തുടങ്ങി കഴിഞ്ഞാൽ പുറത്ത് നിന്നും സാധനങ്ങൾ അനുവദിക്കുന്നതല്ല.
11. യഥാർത്ഥ പൂക്കളും കൃത്രിമ പൂക്കളും മത്സരത്തിൽ ഉപയോഗിക്കാവുന്നതാണ്.
12. കൃത്രിമമായിട്ടുള്ള വസ്തുക്കൾ ആകെയുള്ള പൂക്കളത്തിന്റെ 25% കൂടുവാൻ പാടുള്ളതല്ല. ക്യാരറ്റ്, ക്യാബേജ്, ബിറ്റ്റൂട്ട് എന്നിവയും ഉപയോഗിക്കുകാവുന്നതാണ്.
13. നിലവിളക്ക്, നിറപറ, മൺചിറാക് എന്നിവ പൂക്കളത്തിൽ ഉപയോഗിക്കാവുന്നതാണ്.
14. മത്സരാർത്ഥികൾ പൂക്കളം തീർക്കുന്നതിനാവശ്യമായ എല്ലാ സാധനങ്ങളും കൊണ്ടു വരേണ്ടതാണ്.
15. വിധി കർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

16. മത്സരത്തിൽ വിജയികളാകുന്ന ആദ്യ മൂന്നു ടീമുകൾക്ക് ട്രോഫിയും ക്യാഷ് പ്രൈസും (ഒന്നാം സമ്മാനം $200, രണ്ടാം സമ്മാനം $150, മൂന്നാം സമ്മാനം $100) നൽക്കുന്നതാണ്.

17. ആദ്യം പേർ രജിസ്റ്റർ ചെയ്യുന്ന 40 ടീമുകൾക്ക് ആയിരിക്കും മത്സരത്തിൽ പങ്കെടുക്കുവാൻ അവസരം ലഭിക്കുക.

18. പേർ രജിസ്റ്റർ ചെയ്യാനുള്ള അപേക്ഷാഫോറം സമാജം ഓഫീസിൽ നിന്നും, സമാജം വെബ്സൈറ്റിൽ നിന്നും (www.bksbahrain.com) നിന്നും ലഭിക്കുന്നതാണ്.

***കൂടുതൽ വിവരങ്ങൾക്ക് എസ്.പി. മനോഹരൻ 32301541, ഹരികൃഷ്ണൻ 34501413 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.***